DESPATCHED
On 08/06/2020

3/03/2020



## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.-in

## ഹർജി നമ്പർ A.P. No.2668(1)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.20600/എസ്.ഐ.സി-ജി 4/2019)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ.ഷംസുദ്ധീൻ.കെ
കൊമ്പത്തിയിൽ ഹൗസ്,
കോട്ടക്കൽ, ആട്ടീരി, മലപ്പുറം-676 503
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ
   പോത്തുകല്ല് വില്ലേജ്, മലപ്പുറം.

2. അപ്പീൽ അധികാരി & തഹസീൽദാർ
   നിലമ്പൂർ താലൂക്ക് , മലപ്പുറം.

} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 24.09.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28.10.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 11.12.2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07.12.2019 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16.12.19 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09.01.2020 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 31.01.2020 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 03.03.2020 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്, മലപ്പുറം |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

RIGHT TO INFORMATION

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷംസുദ്ധീൻ കെ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ പോത്തുകൽ വില്ലേജ് ഓഫീസിൽ രണ്ട് വിവരാവകാശ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ടിയാന് നൽകിയിട്ടില്ലായെന്നും 2008ന് ശേഷമുള്ള സർവ്വെ നമ്പർ 969 ൽപ്പെട്ട ഭൂമിയുടെ ഗൂഗിൾ മാപ്പ് ഓരോ വർഷത്തെയും ഫോട്ടോ സഹിതം ടിയാന് അനുവദിച്ച് നൽകണമെന്നും ടിയാൻ അപേക്ഷ നൽകിയ അവസരത്തിൽ പരാമർശിത ഭൂമിയിൽ റീ സർവ്വെ നടക്കാത്തതിനാൽ ആയതു സംബന്ധിച്ച രേഖകൾ ലഭ്യമല്ലായെന്ന് പ്രസ്താവിച്ച് ടിയാന്റെ അപേക്ഷ വലിച്ചെറിഞ്ഞുവെന്നും പിന്നീട് അപേക്ഷ കൈപ്പറ്റിയെങ്കിലും വിവരങ്ങൾ നൽകിയില്ലായെന്നും മേൽപ്പടി വിഷയത്തിൽ ജില്ലാ കളക്ടർ മുമ്പാകെ പരാതി സമർപ്പിച്ചിരുന്നുവെന്നും തഹസീൽദാർ ഓഫീസിലാണ് പരാതി നൽകേണ്ടതെന്നു അറിയിച്ചിരുന്നുവെന്നും സർവ്വെ 969 ൽപ്പെട്ട ഭൂമി തരിശുനിലമാണെങ്കിലും ആയത് അസ്ഥിരപുഞ്ച എന്ന തരത്തിലേക്ക് പോത്തുകൽ ഗ്രാമ പഞ്ചായത്തിലെയും വില്ലേജ് ഓഫീസിലെയും രേഖകൾ മാറ്റിയിരിക്കുകയാണെന്നും മേൽപ്പടി ഭൂമിയുടെ ഡേറ്റാബാങ്ക് 24.03.2012 തീയതി കേരള ഗസറ്റിൽ നോട്ടിഫൈ ചെയ്തിട്ടുള്ളതാണെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ 10.08.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനും ചുറ്റുമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സ്വകാര്യ വ്യക്തികളായ അലവികുട്ടി, റഫീഖ്, അബ്ദുൽറഹിം എന്നിവരുടെ കൈവശത്തിലുള്ള പോത്തുകൽ പഞ്ചായത്തിന്റെ നേരെ മുന്നിലുള്ള ഒരേക്കറിലധികം വരുന്ന ഭൂമിയിൽ മണ്ണ് നികത്താൻ അനുവദിച്ചുകൊണ്ട് വില്ലേജിൽ നിന്നും വല്ല അനുമതിയും നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പകർപ്പ് നൽകണമെന്നും

ii) നാട്ടുകാരിൽ നിന്നോ, പൊതുജനങ്ങളിൽ നിന്നോ, വ്യക്തികളിൽ നിന്നോ മേൽപ്പടി സ്ഥലം മണ്ണിട്ടു നികത്തിയതു സംബന്ധിച്ച് പരാതികളോ മറ്റോ

വില്ലേജ് ഓഫീസിൽ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പുകളും അനുബന്ധ രേഖകളും നൽകണമെന്നും

iii) മേൽപ്പടി കൃഷി ഭൂമി ആരുടെയെല്ലാം അവകാശത്തിൽപ്പെട്ടതാണെന്നും മേൽപ്പടി ഭൂമിയുടെ അതിരുകൾ തെളിയിക്കുന്ന മഹസ്സർ കോപ്പി (പ്ലാൻ) അനുവദിച്ചു നൽകണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരൻ 24.09.2019 തീയതി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, സർവ്വെ 969-ൽപ്പെട്ടഭൂമിയുടെ FMB എടുക്കുന്നതിനായി location details (വില്ലേജിന്റെ പേര്, നമ്പർ, സബ്ഡിവിഷൻ എഫ്എംബി, ലൊക്കേഷൻ മാപ്പ് തുടങ്ങിയവ) നൽകണമെന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടിയൊന്നും നൽകിയിട്ടില്ലെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാന്റെ 10.08.2019 തീയതിയിലെ അപേക്ഷയിന്മേൽ 07.09.2019 തീയതി മറുപടി നൽകിയതായി ഒന്നാം എതിർകക്ഷി പ്രസ്താവിച്ചു എന്നും ആയതിന്റെ പകർപ്പ് വില്ലേജ് ഓഫീസർ ഹാജരാക്കിയെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളും വിവരങ്ങളും ഫീസ് ഈടാക്കാതെ തന്നെ ടിയാന് രജിസ്റ്റേഡ് തപാലിൽ അയച്ചു നൽകണമെന്നും മറ്റുമാണ്. ഹർജിക്കാരന്റെ 24.09.2019 തീയതിയിലെ അപേക്ഷയിൽ ആവശ്യപ്പെട്ട 969 സർവ്വെ നമ്പറിൽപ്പെട്ട ഭൂമിയുടെ FMB കോപ്പി ലൊക്കേഷൻ മാപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നാം എതിർകക്ഷി 22.10.2019 തീയതി തപാൽ മുഖേന അയച്ചു കൊടുത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ഹർജിക്കാരന് ലഭിക്കാത്ത സാഹചര്യത്തിൽ മേൽപ്പടി വിവരങ്ങളും രേഖകളും ഫീസ് ഈടാക്കാതെ തന്നെ ഹർജിക്കാരന് അയച്ചു നൽകണമെന്നുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ഒന്നാം എതിർകക്ഷി നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്നാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി മറുപടി നൽകിയിരുന്നുവെന്നും മേൽപ്പടി മറുപടികൾ ലഭിച്ചിട്ടില്ലായെന്ന് ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയതിനാൽ ആയത് ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവു പ്രകാരം

24.02.2019 തീയതി രജിസ്റ്റേഡ് തപാലിൽ ഹർജിക്കാരന് അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് ലഭ്യമായില്ലായെന്ന് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ രജിസ്റ്റേഡ് തപാലിൽ 24.12.2019 ന് അയച്ചു കൊടുത്തിട്ടുള്ളതായി കാണുന്നു. സർവ്വെ 969-ൽപ്പെട്ടഭൂമിയുടെ FMB ലഭ്യമല്ലെന്നും ആയതിനാൽ A രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരമാണ് ഹർജിക്കാരന് അയച്ചുകൊടുത്തിട്ടുള്ളതെന്നുമാണ് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്. മേൽപ്പടി വിവരം നേരിൽക്കണ്ട് ബോധ്യമാകുന്നതിലേക്കായി ഹർജിക്കാരൻ താത്പര്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട രജിസ്റ്ററുകൾ സൗജന്യമായി പരിശോധിക്കാനുള്ള അവസരം ടിയാന് ഒന്നാം എതിർകക്ഷി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള പ്രകാരം ഹർജിക്കാരനെ അവഹേളിക്കുന്ന രീതിയിൽ യാതൊന്നും സംഭവിച്ചിട്ടില്ലായെന്നും ഹർജിക്കാൻ ഇതേ വിഷയത്തിൽ പത്തിലേറെ വിവരാവകാശ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതാണെന്നും മറ്റുമാണ്. ഒരേ വിഷയത്തിൽ തന്നെ നിരവധി വിവരാവകാശ അപേക്ഷകൾ സമർപ്പിച്ച് എതിർകക്ഷി സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കാനാവാത്തതാണ്. അത്തരം സാഹചര്യത്തിൽ ബന്ധപ്പെട്ട ഫയൽ നേരിൽ പരിശോധിച്ച് ഹർജിക്കാരന് വിവരങ്ങൾ ബോദ്ധ്യപ്പെടുത്താവുന്നതാണെന്ന് ഹർജിക്കാരനെ അറിയിക്കാവുന്നതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 3-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്
കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM